## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 1275 20/03/2012 ൽ മറുപടിയ്ക്ക്

### കോർപ്പസ് ഫണ്ട് വിനിയോഗം

ചോദ്യം
ശ്രീ. ചിറയം ഗോപകുമാർ

മറുപടി
ശ്രീ. എ.പി. അനിൽകുമാർ
(പട്ടിക ജാതി - പിന്നോക്ക സമുദായ ക്ഷേമവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് ചെലവഴിക്കുന്നത് സംബന്ധിച്ച നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ പ്രസ്തുത നിബന്ധന പ്രകാരം ജില്ലാതലത്തിൽ തുക ചെലവഴിക്കുന്നതിന് നിഷ്കർഷിച്ചിരിക്കുന്ന സംവിധാനമെന്താണ്; | (എ) യും (ബി) യും | ഇല്ല.<br><br>കോർപ്പസ് ഫണ്ട് ഇപ്പോൾ ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് ഫണ്ട് എന്ന പേരിലാണ് അറിയപ്പെടുന്നത്. കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിന് പ്രൊജക്ടുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം നേടേണ്ടതാണ്. ഈ ഫണ്ട് ജില്ലാതലത്തിൽ അനുവദിച്ച് നൽകിയിട്ടില്ല. വിവിധ ജില്ലകളിൽ നിന്നുള്ള പ്രോജക്ടുകൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം വാങ്ങി പട്ടികജാതി വികസന ഡയറക്ടർക്ക് സമർപ്പിക്കേണ്ടതും തുടർന്ന് ഡയറക്ടർ ടി പ്രോജക്ടുകൾ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിന് സമർപ്പിക്കുന്നതുമാണ്. |
| (സി) ഇതനുസരിച്ച് 2011-12 വർഷം ഓരോ ജില്ലയ്ക്കും എത്ര രൂപാവീതം നൽകി; നൽകിയിട്ടില്ലെങ്കിൽ അതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ? | (സി) | സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പദ്ധതികൾക്കായി ജില്ലകൾക്ക് അനുവദിച്ച് നൽകിയ ഫണ്ടിന്റെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

2225-01-800-57- (ക്രിട്ടിക്കൽ ഗ്യാപ് ഫില്ലിംഗ് ഫണ്ട് (പ്ലാൻ)

| ജില്ല | തുക |
|---|---|
| തിരുവനന്തപുരം | 24775800 |
| കൊല്ലം | 20644001 |
| പത്തനംതിട്ട | 10832828 |
| ആലപ്പുഴ | 12983502 |
| കോട്ടയം | 11955000 |
| ഇടുക്കി | 8759828 |
| എറണാകുളം | 16841296 |
| തൃശ്ശൂർ | 23841000 |
| പാലക്കാട് | 29820000 |
| മലപ്പുറം | 22870000 |
| കോഴിക്കോട് | 15138462 |
| വയനാട് | 4902000 |
| കണ്ണൂർ | 8587000 |
| കാസർഗോഡ് | 13971732 |
| **ആകെ** | **225922449** |